'ഭരണഭാഷ മാതൃഭാഷ'

WEC2-7252/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 15/11/2021
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

## പരിപത്രം

വിഷയം:-വനിത ശിശു വികസന വകുപ്പ് - സ്കീമുകൾ പദ്ധതി 2021-22- അപേക്ഷ സമർപ്പിക്കുന്ന കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച്.

സൂചന:- (1) ഈ കാര്യാലയത്തിൽ നിന്നുള്ള 11/08/2021 ലെ WEC-2/7252/21 നം. 'അഭയകിരണം പദ്ധതി' പരിപത്രം

(2) ഈ കാര്യാലയത്തിൽ നിന്നുള്ള 12/08/2021 ലെ WEC-2/7250/21 നം. 'സഹായഹസ്തം പദ്ധതി' പരിപത്രം

(3) ഈ കാര്യാലയത്തിൽ നിന്നുള്ള 12/08/2021 ലെ WEC-2/**13080**/21 നം. 'മംഗല്യ പദ്ധതി' പരിപത്രം

(3) ഈ കാര്യാലയത്തിൽ നിന്നുള്ള 12/08/2021 ലെ WEC-2/**13083**/21 നം. 'പടവുകൾ പദ്ധതി' പരിപത്രം

(4) ഈ കാര്യാലയത്തിൽ നിന്നുള്ള 12/08/2021 ലെ WEC-2/**13074**/21 നം. 'വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം' പരിപത്രം

(5) ഈ കാര്യാലയത്തിൽ നിന്നുള്ള 15/09/2021 ലെ WEC-2/7252/21 നം. പരിപത്രം

(6) ഈ കാര്യാലയത്തിൽ നിന്നുള്ള 26/10/2021 ലെ WEC-2/7252/21 നം. പരിപത്രം

വകുപ്പിൽ നിന്നു ധനസഹായം അനുവദിച്ചുവരുന്ന അഭയകിരണം, സഹായഹസ്തം, മംഗല്യ, പടവുകൾ, വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം എന്നീ പദ്ധതികൾക്കായി 2021-22 സാമ്പത്തിക വർഷത്തിലേയ്ക്ക് സൂചന (1) മുതൽ (4) വരെ പ്രകാരം അപേക്ഷ ക്ഷണിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ കോവിഡ് പശ്ചാത്തലം പരിഗണിച്ചും, സ്കൂളുകളിലും കോളേജുകളിലും അഡ്മിഷൻ നടപടിക്രമങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിലും ടി നാളിതുവരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിലും, ടി പദ്ധതികൾക്കായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2021 നവംബർ 15 വരെ ദീർഘിപ്പിച്ച് സൂചന (6) പ്രകാരം ഉത്തരവായിരുന്നു. നിലവിലും സ്കൂളുകളിലും കോളേജുകളിലും അഡ്മിഷൻ നടപടിക്രമങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ ടി പദ്ധതികൾക്കായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2021 നവംബർ 30 വരെ ദീർഘിപ്പിക്കുന്നു.

Scanned with CamScanner

നവംബർ 30 വരെ ലഭിച്ച അപേക്ഷകളിൽ നിന്നും പദ്ധതി മാനദണ്ഡപ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ക്രോഡീകരിച്ച് അതത് ജില്ലാ ഓഫീസർമാർ 2021 ഡിസംബർ 10 ന് മുൻപ് അലോട്ട്മെന്റിനായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. യാതൊരു കാരണവശാലും മേൽ വിവരിച്ച കാലാവധി കഴിഞ്ഞ് ലഭ്യമാകുന്ന അപേക്ഷകൾക്ക് ഈ കാര്യാലയത്തിൽ നിന്നും ധനസഹായം അനുവദിക്കുന്നതല്ല. സമയ ബന്ധിതമായി അപേക്ഷ ലഭ്യമാക്കാതെ ഏതെങ്കിലും ഗുണഭോക്താവിന് ധനസഹായം ലഭ്യമായിട്ടില്ലാത്ത പക്ഷം ആയത് ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ ബാധ്യതയായി കണക്കാക്കി നടപടി സ്വീകരിക്കുന്നതാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Scanned with CamScanner